**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ബജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | ബജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ താഴെ പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br><br>1 ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>2 കണിച്ചുകുളങ്ങര ജി. എച്ച്. എസ്. എസ്. മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>3. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.<br><br>4. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം |
| (ബി) | പ്രസ്തുത പ്രവൃത്തികൾ തടസ്സം കൂടാതെ നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ താഴെ പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br><br>1 ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>2 കണിച്ചുകുളങ്ങര ജി. എച്ച്. എസ്. എസ്. മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>3. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ |

| | | | |
|---|---|---|---|
| | | | കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.<br><br>4. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് പാർട്ട് ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (സി) | ബജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ താഴെ പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br><br>1 ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>2 കണിച്ചുകുളങ്ങര ജി. എച്ച്. എസ്. എസ്. മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>3. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.<br><br>4. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം |

സെക്ഷൻ ഓഫീസർ

## 1. ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം

2019 - 20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 24.03.2022 തീയതിയിൽ 5 കോടി രൂപയുടെ ഭരണാനുമതിയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കി ദർഘാസ് ലഭിച്ച കരാറുകാരന്റെ ടെൻഡർ നിരസിച്ചതിനെ തുടർന്ന് റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യുവുമായി 13.09.2022-ന് കരാറിൽ ഏർപ്പെടുകയും 20.03.2023-ന് പ്രസ്തുത സൈറ്റ് കരാറുകാരന് കൈമാറി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി പി.ഇ.ബി. ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ്, വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ്ലറ്റ് / ചെയ്ഞ്ച് റൂം സംവിധാനം, ഫിറ്റനസ് സെൻറർ, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിൽ 48% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഓഫീസ് കെട്ടിടത്തിൻറെ രണ്ടാം നില വരെയുള്ള സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചു. സോളിഡ് ബ്ലോക്ക് പ്രവൃത്തി പുരോഗമിക്കുന്നു. പി.ഇ.ബി. സ്ട്രക്ച്ചറൽ പ്രവൃത്തികൾ, പ്ലാസ്റ്ററിംഗ്, റൂഫിംഗ് എന്നീ പ്രവൃത്തികൾ ബാക്കിയുണ്ട്.

ഗ്രൗണ്ടിൽ കൂടി പോകുന്ന വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനായുള്ള തുടർ നടപടികൾ വാട്ടർ അതോറിറ്റിയിൽ നിന്നും നടപ്പിലാകുന്നതോടു കൂടി പദ്ധതി ത്വരിതപ്പെടുത്തി 30.12.2024-ന് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

1st & part bill തുകയായ 54.42 ലക്ഷം രൂപ 21.02.2024-ന് കരാറുകാരന് നല്കിയിട്ടുണ്ട്.

## 2. ജി. എച്ച്. എസ്. എസ്. കണിച്ചുകുളങ്ങര മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം

കണിച്ചുകുളങ്ങര ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടി പർപ്പസ് മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019-20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 09.03.2022 -ൽ 5 കോടി രൂപയുടെ ഭരണാനുമതിയും, 4.76 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ദർഘാസ് ക്ഷണിക്കുകയും കരാറുകാരന്റെ മുൻ പ്രവൃത്തി തൃപ്തികരമല്ലാത്തതിനാൽ ആദ്യ ടെണ്ടർ നിരസിച്ച്, റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. റീ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യുവുമായി 13.09.2022-ൽ കരാറിൽ ഏർപ്പെടുകയും 16.09.2022-ന് പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി പി ഇ ബി ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ് കെട്ടിടം, കോൺഫറൻസ് ഹാൾ, ഫിറ്റ്നസ് സെൻറർ, മൂന്നു നിലകളിലുമായി വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്ലറ്റ് / ചെയ്ഞ്ച് റൂം സംവിധാനം, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളാണ് പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്.

68% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പി.ഇ.ബി. യുടെ സ്ട്രക്ച്ചൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഷീറ്റ് റൂഫിംഗ്, ഫിനിഷിംഗ് പ്രവൃത്തികൾ ബാക്കിയുണ്ട്. പ്രവൃത്തി 30.12.2024-ന് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

ടി പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള 4202-03-102-84-01 (പി) എന്ന ശീർഷകത്തിൽ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. 25.07.2023-ലെ സ.ഉ. (സാധാ) നം. 5526/23/ധന ഉത്തരവ് പ്രകാരം 61.30 ലക്ഷം രൂപയുടെ (1st & part bill)-ഉം, 119.47 ലക്ഷം രൂപയുടെ (2nd & part bill)-ഉം അധിക ധനാനുമതി മുഖേന ലഭ്യമാക്കി കരാറുകാരന് നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയ്ക്ക് 3rd & part bill തുകയായ 57.39 ലക്ഷം രൂപയുടെ ബിൽ 4202-03-102-84-01 (പി) എന്ന ശീർഷകത്തിൽ നിന്ന് പാസ്സാക്കി പേയ്മെൻറ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**3. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ കോർട്ടിൻറെയും പുതിയ കെട്ടിടത്തിൻറെയും നിർമ്മാണം.**

2021-22-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടും നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ദർഘാസ് ക്ഷണിക്കുകയും കരാറുകാരനായ ശ്രീ. ഷിഹാബ് എസ്, കൊല്ലം 23.05.2023 തീയതിയിൽ കരാറിൽ ഏർപ്പെടുകയും, പ്രവൃത്തി 49% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഡോർ മഡ് വോളീബോൾ കോർട്ട്, ലൈബ്രറി കെട്ടിടം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ലൈബ്രറി കെട്ടിടത്തിന്റെ പ്രവൃത്തി 90% പൂർത്തീകരിച്ചു. ഇൻഡോർ മഡ് വോളീബോൾ കോർട്ട്, ചുറ്റുമതിൽ, ലൈബ്രറി കെട്ടിടത്തിൻറെ പെയിൻറിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

ടി പ്രവൃത്തിയിലെ ഘടകമായ ലൈബ്രറി കെട്ടിടം പൂർത്തിയായതിന് ശേഷം ഗ്രൗണ്ടിലുള്ള അംഗനവാടി കെട്ടിടം പൊളിച്ചു മാറ്റിയതിനുശേഷമാണ് ഇൻഡോർ മഡ് വോളീബോൾ കോർട്ടിൻറെ പ്രവൃത്തികൾ ആരംഭിക്കേണ്ടത്. പ്രവൃത്തി 30.12.2024-ന് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

പ്രസ്തുത പ്രവൃത്തിയുടെ ബില്ല് ലഭ്യമായിട്ടില്ല.

**4. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം**

2021-22-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണ പ്രവൃത്തിക്ക് 04.01.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം 20.70 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പദ്ധതിയിൽ മഡ് വോളീബോൾ കോർട്ട്, ഡ്രെയിനേജ് നിർമ്മാണം, ഫെൻസിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തികൾ 05.02.2024-ന് പൂർത്തീകരിക്കുകയും 16.02.2024 ബഹു. ആലപ്പുഴ എം.

എൽ. എ. ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

ടി പ്രവൃത്തിയുടെ (1st & part bill) തുകയായ 20,12,766/- (ജി എസ് ടി ഉൾപ്പെടെ) രൂപ കരാറുകാരന് നൽകുന്നതിലേക്കായി 14.05.2024-ന് കായിക യുവജന കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ